# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 8

# വാർത്താക്കുറിപ്പ്

---

## എം.ജി.യിൽ പി.ജി. സിലബസ് പരിഷ്ക്കരണം അന്തിമഘട്ടത്തിൽ; 2019-20ൽ പുതിയ സിലബസ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബിരുദാനന്തരബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്ക്കരണം അന്തിമഘട്ടത്തിൽ. 2019-20 അഡ്മിഷൻ മുതൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ പി.ജി. കോഴ്സുകൾക്ക് പുതിയ സിലബസ് നിലവിൽവരും. 80 കോഴ്സുകളുടെ സിലബസാണ് പരിഷ്ക്കരിക്കുന്നത്. സിലബസ് പരിഷ്ക്കരണത്തിന്റെ ഭാഗമായി 46 വിഷയങ്ങളിലെ ശില്പശാലകൾ പൂർത്തീകരിച്ചതായി സർവകലാശാല അസംബ്ലി ഹാളിൽ നടന്ന പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധ സമിതി യോഗം വിലയിരുത്തി.

വിവിധ വിഷയങ്ങളിലുള്ള 14 ബോർഡ് ഓഫ് സ്റ്റഡീസിന്റെയും 31 വിദഗ്ധസമിതിയുടെയും നേതൃത്വത്തിൽ മൂന്നുദിവസം നീണ്ട ശിൽപശാലകളാണ് സംഘടിപ്പിച്ചത്. ജേർണലിസം, ഫൈൻ ആർട്സ് വിഷയങ്ങളിലെ ശില്പശാലകൾ ഈ മാസം നടക്കും. ഇതോടെ എല്ലാ വിഷയങ്ങളിലെയും ശില്പശാലകൾ പൂർത്തീകരിക്കും. ശില്പശാലകളിലൂടെ തയ്യാറാക്കിയ പരിഷ്ക്കരിച്ച സിലബസ് മാർച്ച് 15നകം സർവകലാശാലയിൽ സമർപ്പിക്കാനും ചോദ്യബാങ്കിലേക്ക് ചോദ്യങ്ങൾ തയ്യാറാക്കി നൽകാനും ബോർഡ് ഓഫ് സ്റ്റഡീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബിരുദ പരീക്ഷകളുടെ ക്വസ്റ്റ്യൻ ബാങ്കിലേക്ക് ചോദ്യങ്ങൾ നൽകുന്നതിന് യു.ജി. ബോർഡ് ഓഫ് സ്റ്റഡീസിന് നിർദ്ദേശം നൽകി. യു.ജി. അഞ്ചാം സെമസ്റ്ററിൽ എൻവയോൺമെന്റൽ സയൻസസിന്റെ സിലബസിൽ 'സമക്ഷം' സിനിമ ഉൾപ്പെടുത്തുക, യു.ജി. പ്രൈവറ്റ് പരീക്ഷയ്ക്കുള്ള മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളും യു.ജി. ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധ സമിതി സംയുക്ത യോഗം ചർച്ച ചെയ്തു. യോഗങ്ങൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. മികച്ച നിലയിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കാൻ കഴിയുന്നത് അക്കാദമിക നിലവാരം ഉയർത്തുമെന്നും വിദ്യാർഥികളുടെ കഴിവ് വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, ഡോ. അജി സി. പണിക്കർ, പ്രൊഫ. വി.എസ്. പ്രവീൺകുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ കെ.എസ്. ബാബു എന്നിവർ പ്രസംഗിച്ചു.

പുതിയ സിലബസിൽ ഡയറക്ട് ഗ്രേഡിങ് രീതിയാണ് ഉപയോഗിക്കുക. നിലവിലുള്ള അഞ്ച് പോയിന്റ് സ്കെയിൽ ഗ്രേഡിങ് രീതിയിൽനിന്ന് ഏഴ് പോയിന്റ് സ്കെയിൽ ഗ്രേഡിങ് രീതിയിലേക്ക് മാറും. 1.99 വരെ ഡി ഗ്രേഡ്, 2.00-2.49 സി, 2.50-2.99 സി പ്ലസ്, 3.00-3.49 ബി, 3.50-3.99 ബി പ്ലസ്, 4.00-4.49 എ, 4.50-5.00 എ പ്ലസ് ഗ്രേഡ് എന്ന നിലയിലേക്ക് ജി.പി.എ./എസ്.ജി.പി.എ./സി.ജി.പി.എ. ഗ്രേഡിങ് രീതി മാറും. കോഴ്സ് ജയിക്കുന്നതിന് സി ഗ്രേഡ് ലഭിക്കണം. 75 ശതമാനം ഹാജർ നിർബന്ധമാണ്. പി.ജി. കോഴ്സിന് 80 ക്രെഡിറ്റാണ് ഉണ്ടാവുക. ഒരു സെമസ്റ്ററിൽ 16 മുതൽ 25 ക്രെഡിറ്റ് നിർബന്ധമാണ്. ഒരു കോഴ്സിന് രണ്ടു മുതൽ അഞ്ചു ക്രെഡിറ്റ് വരെ നൽകാം. ഓരോ കോഴ്സിനും സവിശേഷ കോഡും അക്കത്തിലുള്ള കോഡ് നമ്പരും നൽകും.

2012 നശേഷം ഇതാദ്യമായാണ് പി.ജി. കോഴ്സുകളുടെ സിലബസ് പരിഷ്കരണം നടക്കുന്നത്. വിവിധ വിഷയങ്ങളിലായി 367 വിദഗ്ധരടങ്ങുന്ന 45 സമിതികളാണ് പുതിയ സിലബസ് തയാറാക്കിയത്.

(പി.ആർ.ഒ./39/260/2019)

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ പി.ജി. സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നടന്ന ബോർഡ് ഓഫ് സ്റ്റഡീസിന്റെയും വിദഗ്ധ സമിതികളുടെയും യോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. സപ്ലിമെന്ററി പരീക്ഷകൾ ഫെബ്രുവരി 22ന് ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 13 വരെയും 500 രൂപ പിഴയോടെ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/261/2019)

മൂന്ന്, ഒന്ന് സെമസ്റ്റർ ബി.എച്ച്.എം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഫെബ്രുവരി 26, 27 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ പിഴയോടെ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/262/2019)

## അപേക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ എം.എ. ഇംഗ്ലീഷ് സപ്ലിമെന്ററി (പ്രൈവറ്റ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ IX (പരീക്ഷ) മുമ്പാകെ നേരിട്ട് നൽകണം.

(പി.ആർ.ഒ./39/263/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 11ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/264/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിലെ പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ 2018-19 ബാച്ചിൽ പട്ടികജാതി സംവരണ വിഭാഗത്തിൽ രണ്ടൊഴിവുണ്ട്. അർഹരായവർ യോഗ്യത രേഖകളുടെ അസ്സൽ സഹിതം ഫെബ്രുവരി 15 ന് വൈകീട്ട് നാലിനകം ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481 2731043.

(പി.ആർ.ഒ./39/265/2019)

## എം.ഫിൽ സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ എം.ഫിൽ ബയോസയൻസസ് പ്രോഗ്രാമിൽ പട്ടികവർഗ സംവരണ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യത: എം.എസ്‌സി. ബയോടെക്നോളജി/ ബയോകെമിസ്ട്രി/ മൈക്രോബയോളജി/ ബയോഫിസിക്സ്. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 13ന് രാവിലെ 10ന് സ്കൂൾ ഓഫ് ബയോസയൻസസിൽ എത്തണം.

(പി.ആർ.ഒ./39/266/2019)

## പരീക്ഷഫലം

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എൽ.എൽ.എം. ഓഫ് കാമ്പസ് (സെമസ്റ്റർ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/267/2019)

2018 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്.എസ്. മോഡൽ I, II, III (2013-2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/268/2019)

2018 ഫെബ്രുവരി, നവംബർ മാസങ്ങളിൽ സ്‌കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.ഫിൽ - എൻവയോൺമെന്റ് മാനേജ്‌മെന്റ്, എൻവയോൺമെന്റൽ ആൻഡ് അറ്റ്‌മോസ്ഫിയറിക് സയൻസ് (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/269/2019)

2018 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു., ബി.ടി.എസ്., ബി.എഫ്.ടി., ബി.പി.ഇ. (സി.ബി.സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/270/2019)

## എം.ഫിൽ പ്രവേശനം; റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

സ്‌കൂൾ ഓഫ് ബയോസയൻസസിലെ 2018-19ലെ എം.ഫിൽ പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്‌സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/271/2019)

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി; വിവരങ്ങൾ നൽകണം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ജീവനക്കാർ, പെൻഷൻകാർ, ഫാമിലി പെൻഷൻകാർ എന്നിവർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാൻ വിവരങ്ങൾ നൽകണം. ആവശ്യമായ വിവരങ്ങൾ നൽകാത്തവർ ഫെബ്രുവരി 16നകം അപേക്ഷ നൽകണം. mgu.ac.in എന്ന വെബ്‌സൈറ്റിലെ employees spot/pensioners portal എന്നീ ലിങ്കുകൾ വഴി അപേക്ഷ നൽകാം. വിശദവിവരത്തിന് ഫോൺ: 0481 - 2733305, 9496158070.

(പി.ആർ.ഒ./39/272/2019)

## പി.എച്ച്.ഡി. നൽകി

ഇംഗ്ലീഷിൽ സോണിയ സെബാസ്റ്റ്യനും ക്രിമിനോളജിയിൽ ഫെബിൻ ബേബിക്കും കൊമേഴ്‌സിൽ കെ.എ. സുബൈർ, എ.പി. പ്രശാന്ത്, പി. പോൾ ജോസ്, ഫെലിസ് ജോയ് എന്നിവർക്കും സോഷ്യൽ വർക്കിൽ എം.യു. ദീപ്തിക്കും സോഷ്യോളജിയിൽ കെ.എ. അനിഷക്കും ഗാന്ധിയൻ സ്റ്റഡീസിൽ സജി വറുഗീസിനും പൊളിറ്റിക്കൽ സയൻസിൽ റോയ് മാത്യു, ഷീജ കുര്യാക്കോസ് എന്നിവർക്കും ഇക്കണോമിക്‌സിൽ എസ്. സജനി, അനുപ ലീല ജോർജ്, ധനേഷ് ശേഖർ എന്നിവർക്കും പി.എച്ച്.ഡി. നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ./39/273/2019)

## ഇസ്ലാമിന്റെ പരിമിത വ്യാഖ്യാനം ജനാധിപത്യ വികസ്വര സാധ്യതകളെ അപ്രസക്തമാക്കി: പ്രൊഫ. അൻവർ അലാം

മതാധികാരത്താൽ നയിക്കപ്പെടുന്ന പൊതുജന മുന്നേറ്റങ്ങൾ ഇസ്ലാമിന്റെ പരിമിത വ്യാഖ്യാനങ്ങളിലൂടെ ജനാധിപത്യത്തിന്റെ വികസ്വര സാധ്യതകളെ അപ്രസക്തമാക്കിയെന്ന് പ്രൊഫ. അൻവർ അലാം പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിലെ പശ്ചിമേഷ്യ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'ഇസ്ലാമും ജനാധിപത്യവും; തുർക്കിയിലെ അനുഭവങ്ങൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇറാൻ, ഈജിപ്ത്, ലിബിയ അടക്കമുള്ള രാജ്യങ്ങളിൽ ഉണ്ടായ മുന്നേറ്റങ്ങൾ ജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും കവർന്നെടുത്തിരുന്ന ഏകാധിപത്യ സംവിധാനങ്ങൾക്ക് അന്ത്യം കുറിച്ചു. ഇത്തരം മുന്നേറ്റങ്ങളിലൂടെ വന്നവർ അധികാരത്തിലെത്തിയപ്പോൾ മതേതരത്വത്തിന് പ്രാധാന്യം കൽപ്പിച്ചിരുന്ന തുർക്കി പോലുള്ള രാജ്യങ്ങളിൽ ജനങ്ങളുടെ അവകാശങ്ങൾ ദുർബലമാക്കുന്ന സ്ഥിതി വന്നു. തുർക്കിയിൽ പ്രസിഡന്റ് എൽദോഗന്റെ പ്രതികാര നടപടികൾ മൂലം രാജ്യത്തെ സിവിൽ സമൂഹം തകർന്നുവെന്നും ഭരണകൂട താല്പര്യം മാത്രം മുൻ നിർത്തി പൊതുരാഷ്ട്രീയത്തെ തകർക്കുന്ന രീതി ശക്തിപ്പെടുകയാണെന്നും അദ്ദേഹം പറഞ്ഞു.

സോഷ്യൽ സയൻസ് ഡീൻ പ്രൊഫ. കെ.എം. സീതി, പശ്ചിമേഷ്യൻ പഠനകേന്ദ്രം ചെയർമാൻ ഡോ. എം.വി. ബിജുലാൽ, ഗോകുൽ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. അൻവർ അലാമിന്റെ 'ഫോർ ദി സേക്ക് ഓഫ് അള്ളാഹ്; ദി ഒറിജിൻ, ഡെവലപ്മെന്റ് ആന്റ് ഡിസ്കോഴ്സ് ഓഫ് ദി ഗുലൻ മൂവ്മെന്റ്' എന്ന പുസ്തകത്തിന്റെ പ്രകാശനവും ഇതോടനുബന്ധിച്ച് നടന്നു. ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ സ്റ്റഡീസിലെ മുൻ അധ്യാപകനായ പ്രൊഫ. അൻവർ അലാം തുർക്കിയിലെ സിർവ് സർവകലാശാലയിൽ പ്രൊഫസറായിരുന്നു.

(പി.ആർ.ഒ./39/274/2019)

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ പശ്ചിമേഷ്യ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രൊഫ. അൻവർ അലാം പ്രഭാഷണം നടത്തുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ